അടിസ്ഥാനത്തിലാണ് കെട്ടിടങ്ങളും സ്ഥലവും നൽകാൻ തീരുമാനിക്കുന്നത്. അലോട്ട്മെന്റിന് അപേക്ഷകൾ ലഭിക്കുന്ന ക്രമത്തിൽ പരിഗണിക്കുന്നതാണ്.

(ബി) ബിൽറ്റ് അപ് സ്പേസ്, പ്ലോട്ട് എന്നിവ ഗ്രീൻ വ്യവസായങ്ങൾ, വിവര സാങ്കേതിക സംരംഭങ്ങൾ, സേവന മേഖല, വിദ്യാഭ്യാസ തൊഴിൽ പരിശീലനം, ധനകാര്യ സേവനം തുടങ്ങിയവയ്ക്കാണ് നൽകുന്നത്.

(സി) ഇൻകെൽ നേരിട്ടാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. എന്നിരുന്നാലും കെ.എസ്.ഐ.ഡി.സി. ഇൻകെല്ലിന്റെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയിൽ 5000 ചതുരശ്ര അടി സ്ഥലം ഇൻകുബേഷൻ സെന്റർ തുടങ്ങുന്നതിനുവേണ്ടി എടുത്തിട്ടുണ്ട്.

(ഡി) ഇൻകെൽ പണി കഴിപ്പിച്ച ഒന്നാം കെട്ടിട സമുച്ചയത്തിൽ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള കേരള സ്കിൽ അക്കാദമി ഓഫ് എക്സലൻസ് (KASE), പലവിധ തൊഴിൽ നൈപുണ്യ പരിശീലന പരിപാടികൾക്കായി സ്ഥലമെടുത്തിട്ടുണ്ട്.

അങ്കമാലി ടെൽക്കിന്റെ പ്രവർത്തനം

217 (3371) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ അങ്കമാലി ടെൽക്കിന്റെ പ്രവർത്തനത്തെ കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ ടെൽക്ക് ലാഭത്തിലായിരുന്നോ നഷ്ടത്തിലായിരുന്നോ എന്ന് വെളിപ്പെടുത്താമോ;

(സി) ടെൽക്കിന്റെ പ്രതിസന്ധിയുടെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇത് പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(എഫ്) ദീർഘകാല കരാറിന് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ ടെൽക്ക് നഷ്ടത്തിലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ടെൽക്ക് - എൻ.റ്റി.പി.സി. സംയുക്ത സംരംഭം പ്രകാരം നടപ്പാക്കേണ്ടിയിരുന്ന നൂതന സാങ്കേതിക വിദ്യ നടപ്പിലാക്കാത്തതാണ് കമ്പനി നേരിടുന്ന പ്രധാന പ്രതിസന്ധി. ഇതോടൊപ്പംതന്നെ ബഹുരാഷ്ട്ര കമ്പനികളിൽനിന്ന് കടുത്ത മത്സരം നേരിടുന്നതും നിർമ്മാണ ചെലവിന് ആനുപാതികമായുള്ള വില ലഭിക്കാത്തതും ടെൽക്കിനെ പ്രതിസന്ധിയിലാക്കുന്നു.

(ഡി&ഇ) കൂടുതൽ ഉൽപാദനശേഷിയുള്ള ട്രാൻസ്ഫോർമറുകൾ നിർമ്മിക്കുന്നതിനാവശ്യമായ ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനു വേണ്ട 25 കോടി രൂപയുടെ വികസന പദ്ധതി ഈ വർഷം സംസ്ഥാന സർക്കാരിന്റെയും എൻ.റ്റി.പി.സി.-യുടെയും ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നടപ്പിലാക്കുന്നതാണ്.

(എഫ്) ദീർഘകാല കരാറിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

പൊതുമേഖലാ സ്ഥാപനങ്ങളുടെ മൂലധനച്ചെലവിലേയ്ക്കുള്ള സർക്കാർ വിഹിതം

218 (3372) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ മൂലധനച്ചെലവ് വിഹിതത്തിലേക്ക് എത്ര തുക നൽകുകയുണ്ടായി;

(ബി) ഓരോ പൊതുമേഖലാ സ്ഥാപനത്തിനും മൂലധനച്ചെലവ് വിഹിതത്തിലേക്ക് നൽകിയ തുക എത്രയാണെന്നും ഏത് വർഷമാണ് തുക നൽകിയതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മൂലധനച്ചെലവ്, നവീകരണ വികസന പദ്ധതികൾ എന്നിവയ്ക്കായി 718.50 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ബി) ഓരോ പൊതുമേഖലാ സ്ഥാപനങ്ങൾക്കും നൽകിയ ധനസഹായത്തിന്റെ വിവരം അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly